**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6093** **09-07-2024 - ൽ മറുപടിയ്ക്ക്**

**ഓൺഗ്രിഡ് സോളാർ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കേന്ദ്ര/സംസ്ഥാന സർക്കാരുകളുടെ ഓൺഗ്രിഡ് സോളാർ പദ്ധതികളുടെ ആകർഷണീയത കുറയുന്ന തരത്തിൽ പത്ര/ദൃശ്യ/ സാമൂഹിക മാധ്യമങ്ങളിൽ വരുന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. സൗര സംബന്ധിച്ച പരാതികളും സംശയങ്ങളും ദൂരീകരിക്കാൻ കെ. എസ്. ഇ. ബി. എൽ. -ന്റെ ഒരു ഹെൽപ്പ് ഡെസ്ക് പ്രവർത്തിക്കുന്നുണ്ട്. യാഥാർഥ്യം പൊതു ജനങ്ങളെ ബോധ്യപ്പെടുത്താനായി ദൃശ്യ മാധ്യമങ്ങളിൽ ചോദ്യോത്തര പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ സോഷ്യൽ മീഡിയ വഴിയും മാധ്യമങ്ങൾ വഴിയും ഇത്തരം വാർത്തകളെക്കുറിച്ച് KSEBL പൊതുജനങ്ങൾക്ക് വസ്തുതാപരമായ വിവരങ്ങൾ നൽകാറുണ്ട് |
| (ബി) | ഗാർഹികാവശ്യങ്ങൾക്കായി സ്വകാര്യ വ്യക്തികൾ വീടുകളിൽ വയ്ക്കുന്ന ഓൺഗ്രിഡ് സോളാർ പ്ലാന്റ് പദ്ധതി മുഖേനയുള്ള ബില്ലുകളിലെ, നിലവിലെ സങ്കീർണമായ കണക്കുകൾ ലഘൂകരിച്ച് ബില്ലുകളിൽ വ്യക്തത വരുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (ബി) | സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ, സപ്ലൈ കോഡ്-2014 - ൽ നിഷ്കർഷിച്ച പ്രകാരമുള്ള വിവരങ്ങൾ ഉൾപ്പെടുത്തിയാണ് എല്ലാ വിഭാഗം ഉപഭോക്താക്കൾക്കും ബില്ലുകൾ നൽകി വരുന്നത്. ഇതിനു പുറമേ സോളാർ ഉപഭോക്താക്കൾക്ക്, അവരുടെ ഉൽപാദനം, (solar generation) കെ. എസ്. ഇ. ബി. എൽ. ന്റെ വിതരണ ശൃംഖലയിൽ നിന്ന് സ്വീകരിക്കുന്ന വൈദ്യുതി (import) ശൃംഖലയിലേക്ക് നൽകുന്ന വൈദ്യുതി (export), എന്നിവ കൂടി ഉൾപ്പെടുത്തി കമ്മീഷൻ അനുശാസിക്കുന്ന പ്രകാരമാണ് മീറ്റർ റീഡർമാർ മുഖേന ബില്ലുകൾ നൽകി വരുന്നത്. ഓരോ ബില്ലിന്റെയും കൂടുതൽ വിശദാംശങ്ങൾ കെ. എസ്. ഇ. ബി. ലിമിറ്റഡിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്. |
| (സി) | ട്രാൻസ്ഫോർമറുകളുടെ നിലവിലെ ശേഷിയുടെ 75 ശതമാനം മാത്രമേ സോളാർ പദ്ധതികൾ അനുവദിക്കാവൂ എന്നത് കാരണം നഗരപ്രദേശങ്ങളിൽ പുതുതായി സോളാർ പ്ലാന്റുകൾ സ്ഥാപിക്കാൻ കഴിയാത്ത സാഹചര്യം മറികടക്കുവാൻ നടപടികൾ സ്വീകരിക്കുമോ? | (സി) | നടപടികൾ സ്വീകരിച്ചു വരുന്നു. Electricity (Right of Consumers) Amendment Rules, 2024 പ്രകാരം 10 kW വരെയുള്ള അപേക്ഷകൾക്ക് ഡീംഡ് ഫീസിബിലിറ്റി നൽകണം എന്ന കെ. എസ്. ഇ. ബി. എൽ. - ന്റെ ഉത്തരവ് കെ. എസ്. ഇ. ആർ. സി. യുടെ അംഗീകാരത്തോടെ നടപ്പാക്കുന്നതാണ്.<br><br>നിലവിൽ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള നെറ്റ് മീറ്ററിംഗ് ആൻഡ് |

| | | | |
|---|---|---|---|
| | | | റിന്യൂവബിൾ എനർജി റെഗുലേഷൻസ്, 2022 - ൽ പ്രതിപാദിക്കുന്ന ചട്ടങ്ങളിൽ സംസ്ഥാനത്തിന്റെ എല്ലാ ഭാഗത്തും നിലവിലുള്ള വിതരണ ട്രാൻസ്ഫോർമറിന്റെ 75 ശതമാനം മാത്രമേ സോളാർ പ്ലാന്റുകൾ സ്ഥാപിക്കാവൂ എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ ഒരു വിതരണ ലൈസൻസി എന്ന നിലയിൽ റെഗുലേറ്ററി കമ്മീഷന്റെ ചട്ടങ്ങൾക്ക് വിരുദ്ധമായി നിലപാട് എടുക്കാൻ കെ. എസ്. ഇ. ബി. ലിമിറ്റഡിന് കഴിയുകയില്ല |

സെക്ഷൻ ഓഫീസർ